ആരെങ്കിലും തൻ്റെ രണ്ട് താടിയെല്ലുകൾക്ക്
ഇടയിലുള്ളതിൻ്റെയും തൻ്റെ രണ്ട് കാലുകൾക്ക്
ഇടയിലുള്ളതിൻ്റെയും കാര്യം എനിക്ക് ഉറപ്പ് നൽകിയാൽ
സ്വർഗം ഞാനവന് ഉറപ്പ് നൽകാം
സഹ്ൽ ബ്നു സഅ്ദ് -هُْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "ആരെങ്കിലും തൻ്റെ രണ്ട്
താടിയെല്ലുകൾക്ക് ഇടയിലുള്ളതിൻ്റെയും തൻ്റെ രണ്ട് കാലുകൾക്ക് ഇടയിലുള്ളതിൻ്റെയും
കാര്യം എനിക്ക് ഉറപ്പ് നൽകിയാൽ സ്വർഗം ഞാനവന് ഉറപ്പ് നൽകാം."
[صحيح] [رواه البخاري]
രണ്ട് കാര്യങ്ങൾ മുസ്ലിമായ ഒരാൾ മുറുകെ പിടിച്ചാൽ അവൻ സ്വർഗത്തിൽ
പ്രവേശിക്കുന്നതാണെന്ന് നബി -صلى الله عليه وسلم- അറിയിക്കുന്നു. ഒന്നാമത്തേത്: നാവിനെ സംരക്ഷിക്കലാണ്.
അല്ലാഹുവിന് ദേഷ്യമുണ്ടാക്കുന്ന യാതൊന്നും അവൻ സംസാരിക്കരുത്. രണ്ട്: ഗുഹ്യാവയവം
സംരക്ഷിക്കലാണ്. മ്ലേഛപ്രവർത്തനങ്ങളിൽ വീണുപോകുന്നതിൽ നിന്ന് അവൻ അതിനെ
സംരക്ഷിക്കേണ്ടതുണ്ട്. കാരണം ഈ രണ്ട് അവയവങ്ങൾ കൊണ്ടാണ് അധിക തിന്മകളും
സംഭവിക്കുന്നത്.
https://sunnah.global/hadeeth/ml/show/3475